(ബി) എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ തുക എങ്ങനെ ചെലവഴിക്കണമെന്ന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നുവോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് പടർന്നുപിടിച്ചിരിക്കുന്ന പകർച്ച വ്യാധികൾ തടയുന്നതിനും ഖരമാലിന്യ നിർമ്മാർജ്ജനത്തിനുമായി ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും യഥാക്രമം 2 ലക്ഷം രൂപവീതവും 4 ലക്ഷം രൂപവീതവും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3 ലക്ഷംവീതവും ജില്ലാ പഞ്ചായത്തുകൾക്ക് 5 ലക്ഷം വീതവും ചെലവു ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. സ്വന്തം ഫണ്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിലേയ്ക്ക് പ്രത്യേകം പ്രോജക്ടുകൾ ഉണ്ടാക്കി സേവനമേഖലയിലെ പ്ലാൻ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഹാന്റ് ഹെൽഡ് ഫോഗിംഗ് മെഷീൻ, സ്പ്രെയിംഗ് മെഷീൻ എന്നിവയും അത്യാവശ്യമരുന്നുകളും, തനതു ഫണ്ടിന്റെ അഭാവത്തിൽ, പ്ലാൻ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനും ചെലവനുമതി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പിൻ കീഴിൽ അത്യാവശ്യ മരുന്നുകളില്ലാതെ വരുന്ന അടിയന്തിരഘട്ടങ്ങളിൽ, അംഗീകൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, തനതുഫണ്ടുപയോഗിച്ച് അത്തരം മരുന്നുകൾ വാങ്ങി ആസ്പത്രികൾക്ക് നൽകാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനത്തിൽ മാറ്റം

64 (3816) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനത്തിൽ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഏത് ഏജൻസിയാണ് പുതിയ അക്കൗണ്ടിംഗ് രീതി തയ്യാറാക്കിയത് എന്നും ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) പുതിയ സംവിധാനം എന്നു മുതലാണ് നിലവിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്നും, പ്രസ്തുത തീയതി തെരഞ്ഞെടുക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ഡി) പുതുക്കിയ അക്കൗണ്ടിംഗ് സംവിധാനത്തെ സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നുവെങ്കിൽ പരിശീലനം നൽകുന്നുവെങ്കിൽ പരിശീലന ചുമതല ആർക്കാണെന്നും

LIBRARY ARCHIVES Kerala Legislative Assembly

പരിശീലനം എന്നു തുടങ്ങി എന്നു പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 01-10-2003 മുതൽ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ നൽകിയിട്ടുള്ള ഫോമിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് എഴുതി സൂക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ എല്ലാ സംസ്ഥാനങ്ങൾക്കുമായി നിഷ്ക്കർഷിച്ച അക്കൗണ്ട്സ് രൂപമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) 1-10-2003 മുതൽ. കഴിഞ്ഞ 6 വർഷത്തെ കുടിശ്ശികയുള്ള അക്കൗണ്ട്സുകൾ 1-10-2003-നകം എഴുതി തീർത്ത് ആഡിറ്റ് പൂർത്തിയാക്കാൻ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിലാണ് പ്രസ്തുത തീയതി നിശ്ചയിച്ചത്.

(ഡി) പരിശീലനം നൽകുന്നതിനുള്ള തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്.

ജനകീയാസൂത്രണത്തിന്റെ ഫണ്ട് വിനിയോഗം

65 (3817) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. സി. ജോസഫ് :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾ എന്തു വിലയ്ക്കുള്ള ആടുമാടുകളും തൈകളും ഗുണഭോക്താക്കൾക്ക് നൽകി ;

(ബി) അന്ന് നൽകിയ ആടുമാടുകളോ അവയുടെ കന്നുകുട്ടികളോ ഇന്നുണ്ടോ ;

(സി) അന്ന് നൽകിയ തെങ്ങ് മുതലായ തൈകൾ വൃക്ഷമായിട്ടുണ്ടോ ;

(ഡി) അന്ന് ടൈഡ് ഫണ്ടെന്ന പേരിൽ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് എന്ത് തുക നൽകി ;

(ഇ) പ്രസ്തുത കാര്യങ്ങളെല്ലാം സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ എങ്ങനെ ബാധിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കൃത്യമായ വിവരം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly